പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1836 01.11.2019-ലെ മറുപടിക്ക്

**കെ എസ് ആർ ടി സി ബസ്സുകളിലെ ടിക്കറ്റിംഗ് മെഷീൻ**

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കെ എസ് ആർ ടി സി ബസ്സുകളിൽ ടിക്കറ്റ് വിൽപ്പന നടത്തുന്ന ടിക്കറ്റിംഗ് മെഷീൻ നിലവിൽ ഉപയോഗിക്കുന്നുണ്ടോ; പ്രവർത്തന അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ; | എ) യും | ഉണ്ട്.<br>നിലവിൽ ജി.പി.ആർ.എസ് അധിഷ്ഠിത ടിക്കറ്റിംഗ് മെഷീനുകൾ ഉപയോഗിച്ച് ടിക്കറ്റ് വിതരണം നടത്തുന്നുണ്ട്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നര വർഷം വാറണ്ടിയോടു കൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി അവസാനിച്ചതിനുശേഷം നിലവിൽ പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ പുനലൂർ, ചാത്തന്നൂർ, പന്തളം, ചങ്ങനാശ്ശേരി, കൊല്ലം, കാട്ടാക്കട, തിരുവനന്തപുരം സെൻട്രൽ എന്നീ യൂണിറ്റുകളിൽ ഇ.ടി.എം സംവിധാനം നിലവിൽ പ്രവർത്തിക്കുന്നില്ല.<br>കെ.എസ്.ആർ.ടി.സി.യിൽ ഇ.ടി.എം മെഷീനുകളുടെ ഉപയോഗം നിർത്തലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. ഇതുമൂലം സ്വകാര്യകമ്പനികൾക്ക് സാമ്പത്തിക നേട്ടം ഉണ്ടാകുമെന്ന് കരുതുന്നില്ല. |
| ബി) | ഇതേ രീതിയിലുള്ള ടിക്കറ്റിംഗ് മെഷീൻ സ്വകാര്യ ബസ്സുകളിൽ വളരെ സുഗമമായി ഉപയോഗിക്കുന്നുണ്ടെങ്കിലും കെ എസ് ആർ ടി സി യിൽ മാത്രം അവയുടെ പ്രവർത്തനം അവസാനിപ്പിച്ചത് ആരുടെ നിർദേശപ്രകാരമാണ്; പ്രസ്തുത നടപടി സ്വകാര്യകമ്പനികൾക്ക് സാമ്പത്തിക നേട്ടം കൊയ്യാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) യും | |

| | | | |
|---|---|---|---|
| സി) | സ്വകാര്യ ബസ്സുകളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള ടിക്കറ്റിംഗ് മെഷീനുകൾ കെ എസ് ആർ ടി സി ബസ്സുകളിൽ ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ആയതിന്റെ എല്ലാ ടെണ്ടർ നടപടികളും സർക്കാരിന്റെ മേൽനോട്ടത്തിൽ ധനകാര്യ വകുപ്പിന്റെ സഹായത്തോടെ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഉപയോഗിച്ചുവരുന്ന ജി.പി.ആർ.എസ് അധിഷ്ഠിത ഇ.ടി.എമ്മുകളുടെ മൂന്നര വർഷ വാറണ്ടി കാലാവധിയും ഒരു വർഷത്തെ എ.എം.സി കാലാവധിയും കഴിഞ്ഞതിനാലും കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിക്കുന്നതിനാലും മുൻകാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന ജി.പി.ആർ.എസ് അധിഷ്ഠിത മെഷീനുകൾ ഒഴിവാക്കി നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി.എമ്മുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**